(ഭരണ-പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.28-ന് നിർത്തിവച്ച സഭ 11.00 മണിക്ക് പുനരാരംഭിച്ചു)

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഭാംഗങ്ങളേ, സഭ നിർത്തിവച്ചതിനുശേഷം കക്ഷിനേതാക്കളുടെ യോഗം ചേർന്ന് സഭ തുടരുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികളുമായി മുന്നോട്ടുപോകുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്ന് വളരെ ദൗർഭാഗ്യകരമായ സംഭവങ്ങളാണുണ്ടായത്. ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രതിപക്ഷത്തിന്റെ ഒരു അവകാശമാണ് റൂൾ 50. ആ റൂൾ 50-യിലൂടെ ഞങ്ങൾ കേരള സംസ്ഥാനത്തെ ബാധിക്കുന്ന പ്രധാനപ്പെട്ടൊരു വിഷയം ഈ സഭയിൽ കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ അങ്ങ് മൂന്ന് കാരണങ്ങൾ പറഞ്ഞുകൊണ്ട് അത് നിഷേധിക്കുകയുണ്ടായി. ആ മൂന്ന് കാര്യങ്ങളും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ നിയമസഭയിലെ precedence-മായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കാര്യങ്ങളല്ല. ബാർ കോഴ, സോളാർ കേസ് എന്നിവയുമായി ബന്ധപ്പെട്ട്

ഇൻവെസ്റ്റിഗേഷൻ നടക്കുന്ന സമയത്തും മറ്റ് പല ഘട്ടങ്ങളിലും ഒന്നിലധികം പ്രാവശ്യം, ചില കാര്യങ്ങൾ അര ഡസനിലധികം പ്രാവശ്യം ഈ സഭയിൽ വന്നിട്ടുണ്ട്. അന്ന് അത് സഭയിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്; അത് ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുമുണ്ട്. ഇപ്പോൾ പ്രതിപക്ഷം എന്ന നിലയിലുള്ള ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു അവസരം നിഷേധിക്കപ്പെടുകയാണുണ്ടായത്. അതിൽ ഞങ്ങൾ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഞങ്ങളുടെ പ്രൊട്ടസ്റ്റ് ഞങ്ങൾ അങ്ങയുടെ മുമ്പാകെ register ചെയ്യുകയാണ്. ഞങ്ങൾക്കുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണ്. മാത്രമല്ല, ഈ സഭാസമ്മേളനം തുടങ്ങിയ അന്നുമുതൽ ഭരണകക്ഷിയുടെ ഭാഗത്തുനിന്നും വളരെ നിഷേധാത്മകമായ സമീപനമാണുണ്ടാകുന്നത്. പ്രതിപക്ഷ നേതാവിനുപോലും സ്വതന്ത്രമായി ഇവിടെനിന്ന് സംസാരിക്കാൻ കഴിയാത്ത തരത്തിലുള്ള നിരന്തരമായ തടസ്സങ്ങൾ ഉന്നയിച്ചും ബഹളങ്ങൾ ഉണ്ടാക്കിയും ചില ആളുകൾ ഇതിന് ക്വട്ടേഷൻ എടുത്തുവന്ന് ഇവിടെ സംസാരിക്കുന്നതുപോലെയാണ് ബഹളമുണ്ടാക്കുന്നത്. ....(ബഹളം).... ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതും അതുതന്നെയാണ്. നിങ്ങളുടെ ഭാഗത്തുനിന്നും ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ള പ്രഗത്ഭരായ പ്രധാനപ്പെട്ട നേതാക്കന്മാർ ഇരുന്ന

കസേരകളിലാണ് ഞങ്ങളും ഇരിക്കുന്നത്. അവരൊക്കെ എഴുന്നേറ്റുനിന്ന് സംസാരിക്കുമ്പോൾ വളരെ മാന്യമായ സമീപനമാണ് ഞങ്ങൾ ഭരണകക്ഷി ബഞ്ചുകളിലിരുന്ന് സ്വീകരിച്ചിട്ടുള്ളത്. അതൊന്നും ഈ സഭയ്ക്ക് യോജിക്കാത്ത തരത്തിൽ പ്രതിപക്ഷനേതാവിനെപ്പോലും സംസാരിക്കാൻ അനുവദിക്കില്ല എന്നൊരു നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഞാൻ അതുകൊണ്ടാണ് നേരത്തെ സൂചിപ്പിച്ചതുപോലെ, ഭൂരിപക്ഷം ഉണ്ടാക്കിയ ധാർഷ്ട്യം, ഞങ്ങൾ എണ്ണം കുറവാണ് എന്നതിന്റെ പേരിൽ ശബ്ദംകൊണ്ട് ഞങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുകയാണ്. ഈ ജനാധിപത്യവിരുദ്ധമായ കീഴ്വഴക്കങ്ങളോട് ഞങ്ങൾക്ക് യോജിച്ചുപോകാൻ കഴിയില്ല. ഈ സഭ ഒരിക്കലും സ്തംഭിപ്പിക്കണമെന്നോ ബഹിഷ്കരിക്കണമെന്നോ ആഗ്രഹിക്കാതെ സഭാനടപടികൾ പൂർണ്ണമായും ചേരണമെന്നും ജനാധിപത്യമായ രീതിയിൽ അവിടെ ചർച്ച നടക്കണമെന്നും ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. പക്ഷേ ഇന്ന് ഈ തീരുമാനത്തിന് ഞങ്ങളെ നിർബന്ധിതരാക്കിയത് ഭരണകക്ഷിയാണ്. ദൗർഭാഗ്യവശാൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരം ആളുകളെ നിയന്ത്രിക്കാൻ പോലും തയ്യാറാകുന്നില്ല എന്നത് സങ്കടകരമായ ഒരു കാര്യമാണെന്നുകൂടി ഞാൻ സൂചിപ്പിക്കുന്നു. അതുകൊണ്ട് ഈ സഭാനടപടികളുമായി യോജിച്ചുപോകാൻ ഞങ്ങൾക്ക് കഴിയില്ല. ഇന്ന് ഈ

റൂൾ 50-ക്കുള്ള പ്രതിപക്ഷത്തിന്റെ അവകാശം നിഷേധിക്കപ്പെട്ടത് ആവർത്തിക്കപ്പെടുമെന്ന് ഞങ്ങൾക്ക് ഭീതിയുണ്ട്. അതുകൊണ്ട് ഞങ്ങളുടെ പ്രതിഷേധം അതിശക്തമായി പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്നത്തെ സഭാനടപടികൾ ഞാനും ഞങ്ങളുടെ പ്രതിപക്ഷാംഗങ്ങളും പൂർണ്ണമായും ബഹിഷ്കരിക്കുന്നു.

( സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

മി. സ്പീക്കർ: തുടർന്നുള്ള സബ്മിഷനുകളുടെ മറുപടികൾ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.+

---
+ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.